


# ദൂരങ്ങൾ താണ്ടുന്ന സ്നേഹം

നിയമാ. 4:32 – 40; ഏശയ്യാ 4:2 – 6; 2 കോറി. 3:4 – 12; ലൂക്കാ 16:11 – 32 (Vol. 10, Issue 06)

**ബ്ര. ജോയിസ് ചേലച്ചുവട്ടിൽ MCBS**

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന് കുമാരനാശാൻ തന്റെ കവിതകളിലൂടെ പറഞ്ഞുവച്ചു: ഈ ഭൂമിയിൽ സാരമാത്രമായുള്ള സ്നേഹം മാത്രമാണെന്ന്. എന്നാൽ ഇന്ന് യഥാർത്ഥസ്നേഹം എന്നത് പുസ്തകത്താളുകളിലെ കറുത്ത വരകളും വള്ളികളും പുള്ളികളുമൊക്കെ ചേർന്ന് നമുക്ക് സമ്മാനിക്കുന്ന വർണ്ണശബളമായ ഏതോ മായാലോകത്തിലെ അമൂർത്തമായ ഒരു ആശയമായി തീർന്നിരിക്കുന്നു. ഒരു ദൂരക്കാഴ്ച്ച മാത്രമായി തീർന്നിരിക്കുന്നു. ഒരു പായയിൽ കിടന്ന്, ഒരു പാത്രത്തിൽ നിന്ന് ഭക്ഷണം കഴിച്ചു വളരുന്ന സഹോദരങ്ങൾ പോലും സ്വത്ത് തർക്കം മൂത്ത് അടിപിടിയിലേയ്ക്ക് നീങ്ങുന്നു. രക്തബന്ധങ്ങൾ രക്തച്ചൊരിച്ചിലിൽ അവസാനിക്കുന്നു. കലാലയങ്ങൾ കലാപാലയങ്ങളും കൊലക്കളങ്ങളുമായി പരിണമിക്കുന്നു. സ്നേഹം വറ്റിവരണ്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇന്നത്തെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത് അളവില്ലാതെ സ്നേഹം പകരുന്ന വാത്സല്യനിധിയായ ഒരു അപ്പന്റെ കഥയാണ്. തന്നെ അനുഗമിച്ച പാപികളോടും, പാപികളുമായുള്ള സമ്പർക്കത്തിനെതിരെ മുറുമുറുക്കുകയും പ്രതിഷേധിക്കുകയും ചെയ്ത ഫരിസേയരോടുമാണ് അവിടുന്ന് ഈ കഥ പറയുക. കഥ നമുക്ക് സുപരിചിതമാണ്. സ്വത്തിൽ തന്റെ ഓഹരി വാങ്ങി ദൂരെ നാട്ടിൽ പോയി സമ്പത്തെല്ലാം ധൂർത്തടിച്ച ഇളയമകൻ ജീവിതത്തിൽ തകർച്ചകളുണ്ടായപ്പോൾ തിരികെ വരുന്നു. തെറ്റ് ചെയ്ത് പിതാവിൽ നിന്നകന്ന് എല്ലാം നഷ്ടപ്പെട്ടവനായി തിരികെവന്ന ഇളയ മകനോട് പിതാവും മൂത്ത സഹോദരനും പുലർത്തുന്ന മനോഭാവങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം ഈ കഥയിൽ വളരെ ശ്രദ്ധേയമാണ്.

പിതാവ് സ്നേഹനിധിയാണ്. പ്രത്യാശയുടെ വഴിക്കണ്ണുമായി നഷ്ടപ്പെട്ട മകനെ കാത്തിരിക്കുന്നവനാണ്. അവന് പകയില്ല, പ്രതികാരചിന്തയില്ല, പരാതിയോ പരിഭവമോ ഇല്ല. തിരികെവന്ന തന്റെ മകനെ കുറ്റപ്പെടുത്തുക പോലും ചെയ്യാതെ അവനെ കെട്ടിപ്പുണർന്ന് വീടിനുള്ളിലേയ്ക്ക് സ്വീകരിച്ച് സമ്മാനങ്ങളും സ്നേഹലാളനകളും അവന്റെ മേൽ വാരിക്കോരി ചൊരിയുന്ന സ്നേഹത്തിന്റെ മൂർത്തീഭാവം. പിതാവിന്റെ ഈ മനോഭാവത്തിലേയ്ക്കാണ് നാം വളരേണ്ടത്.

മൂത്തമകൻ ഒരു അദ്ധ്വാനി ആയിരുന്നിരിക്കണം. വയലിൽ നിന്നും തിരികെ വരുന്ന വേഷത്തിലാണ് അയാളെ നാം കണ്ടുമുട്ടുക. പിതാവിനെ അനുസരിച്ച് പിതാവിനോടു കൂടെ ആയിരുന്നവൻ. എന്നാൽ, അവനിൽ എന്തോ അപാകത നാം ദർശിക്കുന്നു. ശാരീരികമായി പിതാവിനോടടുത്തായിരുന്നിട്ടും പിതാവിന്റെ മനോഭാവം അവന് അകലെയാണ്.

ഭാരതീയദർശനത്തിൽ വിദ്യാർത്ഥികൾ മൂന്ന് തരമുണ്ട്. ഉത്തമൻ, മദ്ധ്യസ്ഥൻ, അധമൻ. ഗുരുമൊഴികൾ ശ്രവിക്കുകയോ അനുസരിക്കുകയോ ചെയ്യാത്തവനാണ് അധമൻ. ശിഷ്യത്വത്തിലേയ്ക്ക് താൻ തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് അറിവ് താനെ കൈവന്നു കൊള്ളും എന്ന് അധമൻ കരുതുന്നു. തിരുവചസ്സുകളെ സസൂക്ഷ്മം ശ്രവിക്കുന്നവനും പാലിക്കുന്നവനുമാണ് മദ്ധ്യസ്ഥൻ. എന്നാൽ, അവനും പൂർണ്ണനല്ല. ഉത്തമനാകട്ടെ, ഗുരുവിന്റെ കൽപനകളുടെ അന്തരാർത്ഥം ഗ്രഹിക്കുകയും അനുസരണത്തിനുമപ്പുറം ഗുരുവിന്റെ മനോഗതം അറിഞ്ഞ് പ്രവർത്തിക്കുന്നവനുമാണ്. ഇതാണ് യഥാർത്ഥ ശിഷ്യത്വം.

യഹൂദപാരമ്പര്യമനുസരിച്ച് ആദ്യജാതന് ഒരു പ്രത്യേക സ്ഥാനമുണ്ട്. ഉപമയിലെ മൂത്തപുത്രൻ, അതായത് പിതാവിന്റെ ആദ്യജാതൻ, ജനനത്താൽ തന്നെ പ്രത്യേക പരിഗണനയ്ക്ക് അർഹനാണ്. ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പിനാൽ വലിയ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീർന്നവരാണ് ഇസ്രായേൽ ജനവും. അതുകൊണ്ടാണ് പഴയനിയമം ഇസ്രായേലിനെ ദൈവത്തിന്റെ ആദ്യജാതൻ എന്ന് വിളിക്കുക. ഇസ്രായേൽജനത്തെ തിരഞ്ഞെടുത്ത് അവർക്കുവേണ്ടി ദൈവം നടത്തിയ മഹനീയ കൃത്യങ്ങളൊക്കെയും ഒന്നാം വായനയിൽ, നിയമാവർത്തന പുസ്തകം 4:40-ൽ നാം കാണുന്നു: "ആകയാൽ നിങ്ങൾ കർത്താവിന്റെ ചട്ടങ്ങളും കൽപനകളും പാലിക്കുവിൻ." രക്ഷയിലേയ്ക്ക് പ്രവേശിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ട ആവശ്യമായ അനുസരണത്തെപ്പറ്റിയാണ് ഇത് സൂചിപ്പിക്കുക. ഇതാണ് അധമനിൽ നിന്നും മദ്ധ്യസ്ഥനിലേയ്ക്കുള്ള ദൂരം; അനുസരണത്തിന്റെ ദൂരം. അങ്ങനെ കർത്താവിനോടുള്ള അനുസരണത്തിൽ നിലനിൽക്കുന്നവർക്ക് ജെറുസലേമിൽ അവിടുന്ന് നൽകുന്ന മഹത്വത്തെപ്പറ്റിയാണ് രണ്ടാം വായനയിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകം 4:2-6 തിരുവചനങ്ങളിൽ നാം കാണുന്നത്. സീനായ് ഉടമ്പടി തേജോമയമായിരുന്നെങ്കിൽ, കർത്താവിനോടൊത്തുള്ള അനുസരണത്തിൽ നിലനിൽക്കുന്നവർക്ക് അത് അനുഗ്രഹമായെങ്കിൽ, മിശിഹായിലൂടെയുള്ള നീതിവത്ക്കരണത്തിന്റെയും അവിടുന്ന് പ്രദാനം ചെയ്യുന്ന ആത്മാവിന്റെയും ഉടമ്പടി അതിനേക്കാൾ അധികം തേജോമയമായിരിക്കും എന്ന് വി. പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതിയ രണ്ടാം ലേഖനം 3:4-12-ൽ സമർത്ഥിക്കുന്നു.

എന്താണ് ഈ പുതിയ ഉടമ്പടിയുടെ പ്രത്യേകത? എന്താണ് ഇതിനെ അധികം തേജോമയമാക്കുന്നത്? പുതിയ ഉടമ്പടിയുടെ പ്രത്യേകത പുതിയ നിയമമാണ്. വി. യോഹന്നാൻ അറിയിച്ച സുവിശേഷം 13:34-ൽ നാം വായിക്കുന്നു. ഞാൻ പുതിയൊരു കൽപന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. മണ്ണിൽ കിളച്ചാൽ നിധി കിട്ടും. എന്നാൽ, ഒരു കർഷകന്റെ മനോഭാവത്തോടെയാവണം എന്നുമാത്രം. നിയമം അനുസരിക്കുന്നത് നല്ലതു തന്നെ. എന്നാൽ, നിയമത്തെ പൂർത്തിയാക്കുന്നത് സ്നേഹമാണ്. ഇതാണ് മദ്ധ്യസ്ഥനിൽ നിന്നും ഉത്തമനിലേയ്ക്കുള്ള ദൂരം; സ്നേഹത്തിന്റെ ദൂരം എന്നത്. ദൂരെ നിന്നും, തന്റെ മകനെ കണ്ട്, ഓടിച്ചെന്ന്, അവനെ കെട്ടിപ്പിടിച്ച പിതാവ് യാത്ര ചെയ്ത ഈ ദൂരമാണ് മൂത്ത പുത്രൻ ഇനിയും താണ്ടേണ്ടത്. ഈ ദൂരമാണ് ഈശോയെ ശ്രവിച്ച ഫരിസേയരും ഇന്ന് അവിടുത്തെ ശ്രവിക്കുന്ന നാമും താണ്ടേണ്ടത്. സ്നേഹം കൂടാതെയുള്ള അനുസരണം അടിമത്വമാണ്. അതുകൊണ്ടാണ് മൂത്തമകൻ പിതാവിനോടു പറയുക: ഇക്കാലമത്രയും ഞാൻ നിനക്ക് ദാസ്യവൃത്തി ചെയ്യുകയായിരുന്നു എന്ന്.

ഈശോ ഉപമ അവസാനിപ്പിക്കുമ്പോൾ ധൂർത്തപുത്രൻ ഭവനത്തിനകത്തും മൂത്തപുത്രൻ പുറത്തുമാണ്. അവൻ അകത്തു പ്രവേശിച്ചോ എന്നു പറയാതെ കഥ മുറിയുകയുമാണ്. പ്രിയമുള്ള സഹോദരരെ, ഈ കഥയിലെ മൂത്തപുത്രൻ നാമോരോരുത്തരുമാണ്. അകത്തു കയറണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് നാം തന്നെയാണ്. അകത്ത് പിതാവ് നമുക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയവിരുന്ന് ആസ്വദിക്കുവാനായി നമ്മുടെ ജീവിതത്തോട് നമുക്ക് സ്നേഹം കലർത്താം. വിശുദ്ധ ചെറുപുഷ്പത്തിന്റെ മാതൃക നമുക്കും അനുകരിക്കാം. പുണ്യവതി ചെയ്തതുപോലെ എത്ര നിസ്സാരമായ കാര്യവും ഈശോയോടുള്ള സ്നേഹത്തെപ്രതി നമുക്ക് ചെയ്യാം. അപ്പോൾ നമ്മുടെ ഉത്തരവാദിത്വങ്ങൾ നമുക്ക് ആനന്ദത്തിന്റെ അവസരങ്ങളായി മാറും. ഫ്രാൻസിസ് മാർപാപ്പയുടെ 'സുവിശേഷത്തിന്റെ ആനന്ദം' എന്ന പുസ്തകത്തിൽ അനുദിന ജീവിതത്തിലെ ചെറിയ കാര്യങ്ങൾ സ്നേഹത്തോടെയും സന്തോഷത്തോടെയും ചെയ്യുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത് എന്നാണ് പറയുന്നത്. നമ്മുടെ പഠനമാകട്ടെ, നാം ചെയ്തു തീർക്കേണ്ട ജോലികളാകട്ടെ, എന്തിലായാലും ദൈവത്തോടും സമൂഹത്തോടുമുള്ള സ്നേഹത്തിൽ നമുക്ക് ചെയ്യാം.

സ്നേഹത്തിന്റെ കൂദാശയായ പരിശുദ്ധ കുർബാന അർപ്പിക്കാൻ ഇന്ന് നാം ഒന്നുചേർന്നിരിക്കുന്ന ഈ ദേവാലയം നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ ഭവനമാണെന്ന് നമുക്കോർക്കാം. ശാരീരികമായി മാത്രം ഇവിടെ ആയിരിക്കാതെ പൂർണ്ണഹൃദയത്തോടെ ഈ ബലി നമുക്കർപ്പിക്കാം. പിതാവ് നമുക്കായി ഒരുക്കിയിരിക്കുന്ന ഈ സ്വർഗ്ഗീയവിരുന്നിൽ നമുക്ക് പങ്കുകാരാകാം. ബലിചൈതന്യം സ്വീകരിച്ച് നമ്മുടെ ജീവിതത്തോട് സ്നേഹം ചേർക്കാം. നമ്മുടെ ജീവിതങ്ങളെയും കുർബാനയാക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.